## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

(സാന്നിധ്യം: ജീവൻ ബാബു. കെ, ഐ.എ.എസ്)

വിഷയം : പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം - സർക്കാർ ഹൈസ്കൂൾ പ്രധാനാധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലെ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 03/06/2022 തീയതി കൂടിയ വകുപ്പ്തല സ്ഥാനക്കയറ്റ കമ്മിറ്റി (ലോവർ) മിനിട്ട്സ്

2. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (സി) വകുപ്പിന്റെ 24.02.2012 ലെ സർക്കുലർ നമ്പർ . 8130/ഉ.പ.സി 3/2010/ഉ.ഭ.പ.വ.

3. 28.11.2022 ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നം. 1406/2021/2022090746 നിയമവ്യവഹാരത്തിന്മേലുള്ള ഉത്തരവ്.

## ഉത്തരവ് നമ്പർ ഡി5/1/2022/ഡി.ജി.ഇ,തീയതി. 01/12/2022

പരാമർശം (1) പ്രകാരം തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടതും പരിത്യജന കാലയളവ് പൂർത്തിയാക്കിയിട്ടുള്ളതുമായ അധ്യാപകരെ പരാമർശം(3) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംജാതമായിട്ടുള്ള പ്രധാനാധ്യാപകരുടെ ഒഴുവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി അവരുടെ പേരിന് നേരെ കൊടുത്തിട്ടുള്ള സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് കാര്യാലയങ്ങളിലേയ്ക്ക് 55200 - 115300 എന്ന ശമ്പള നിരക്കിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**PROMOTION**

| SL No | NAME AND PRESENT SCHOOL | RANK No | DATE OF BIRTH | NAME OF SCHOOL IN WHICH PROMOTED AND POSTED | SCHOOL CODE | REMARKS |
|---|---|---|---|---|---|---|
| 1 | Smt. Lazeena. V.C, HST, GHSS Kuttipuram, Malappuram | 1997-2000 888 | 30.05.1970 | GHSS Pazhayarikkandam, Idukki | 29066 | Relinquishment Matured |
| 2 | Smt. Beena. R, HST, GHSS Chithara, Kollam | 2001-2006 555 | 31.05.1970 | MRSLBV HSS Vaipur, Mallappaly, Pathanamthitta | 37052 | |
| 3 | Sri. Venugopalan Mungath , HST, GBHSS Kanhangad, Kasaragod | 2001-2006 556 | 05.01.1969 | GMHS Palakuzha, Ernakulam | 28033 | |
| 4 | Sri. Kunjikrishnan. O.K, HST, GHSS Anappara Wayanad | 2001-2006 558 | 10.04.1968 | SCU Govt. VHSS Pattanakkdu, Cherthla, Alappuzha | 34031 | |

സ്ഥാപന മേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകരെ ഉടൻ പ്രാബല്യത്തിൽ പുതിയ ലാവണങ്ങളിലേക്ക് വിടുതൽ ചെയ്യേണ്ടതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ അധ്യാപകരെ സംബന്ധിച്ച സ്പെഷ്യൽ റൂളിൽ താഴെപ്പറയുന്ന യോഗ്യതകളാണ് എച്ച്.എസ്.എ മാരിൽ നിന്നും ഹെഡ്മാസ്റ്റർ/ഉപജില്ലാ

വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ആവശ്യമായി വേണ്ടത്.

1. അംഗീകൃത സർവ്വകലാശാലയുടെ ബിരുദം
2. അംഗീകൃത സർവ്വകലാശാലയുടെ ബി.എഡ്/ബി.റ്റി/എൽ.റ്റി
3. അക്കൗണ്ട് ടെസ്റ്റ് ലോവർ & കെ.ഇ.ആർ ടെസ്റ്റ്

സ്ഥാപനമേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകർക്ക് മുകളിൽ പ്രസ്താവിച്ച യോഗ്യതകൾ ഉണ്ടോയെന്ന് സേവനപുസ്തകം പരിശോധിച്ച് ഉറപ്പാക്കിയശേഷം മാത്രമേ സ്ഥാനക്കയറ്റം ലഭിച്ച ലാവണത്തിലേക്ക് വിടുതൽ ചെയ്യാവു എന്ന് കർശനമായ നിർദ്ദേശം നൽകുന്നു. ഈ ഉത്തരവിൽ ഹയർസെക്കൻഡറി അധ്യാപകർക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ഹയർസെക്കൻഡറി ഡിപ്പാർട്ട്മെന്റിന്റെ അനുമതിയോടുകൂടി മാത്രമേ സ്ഥാനക്കയറ്റ ലാവണത്തിലേക്ക് സ്ഥാപന മേധാവികൾ വിടുതൽ ചെയ്യുവാൻ പാടുള്ളൂ. ഹൈസ്ക്കൂൾ അധ്യാപക തസ്തികയിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന ഹയർ സെക്കന്ററി അധ്യാപകരായി സ്ഥാനക്കയറ്റം നേടിയിട്ടുള്ളവരെയാണ് ഹൈസ്ക്കൂൾ പ്രധാനാധ്യാപകരായി സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നത്. പി.എസ്.സി വഴി നേരിട്ട് ഹയർ സെക്കന്ററി അധ്യാപകരായി ജോലിയിൽ പ്രവേശിച്ചവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഈ വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ രേഖാമൂലം അറിയിക്കേണ്ടതും ഇത്തരക്കാരെ താൽക്കാലികമായി വിടുതൽ ചെയ്യേണ്ടതില്ലായെന്നും ശ്രദ്ധയിൽപെടുത്തുന്നു.

കേരള ഫിനാൻഷ്യൽ കോഡ് പാർട്ട് 1 അദ്ധ്യായം 5 ചട്ടം 93(എ) പ്രകാരം റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് അനുസരിച്ച് സ്ഥാപനത്തിന്റെ ചാർജ്ജ് എടുക്കുകയും കൈമാറുകയും ചെയ്യാവുന്നതാണ്. സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകരുടെ സ്ഥാനക്കയറ്റ ഉത്തരവിലെ ക്രമ നമ്പർ നമ്പർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജിന്റെ (ആർ.റ്റി.സി) മുകൾഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. ആർ.റ്റി.സി യിൽ വീടിന്റെ മേൽവിലാസവും, വ്യക്തിഗത ടെലിഫോൺ നമ്പരും താഴെയായി രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത ആർ.ടി.സി കൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതും ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് അല്ലെങ്കിൽ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കുന്നതിനായി ലഭ്യമാക്കുന്ന അപേക്ഷയോടൊപ്പം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

പരാമർശം(2) സർക്കുലർ പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ച എസ്.സി, എസ്.റ്റി വിഭാഗത്തിൽപ്പെടുന്ന അധ്യാപകർക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിൽ നിന്ന് 3 വർഷത്തെ ഇളവുമാത്രമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. ഈ ഉത്തരവ് തീയതി മുതൽ 3 വർഷം പൂർത്തിയാകുമ്പോൾ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയില്ലായെങ്കിൽ നൽകിയ സ്ഥാനക്കയറ്റം റദ്ദ് ചെയ്ത് തരംതാഴ്ത്തുന്നതാണെന്നും അറിയിക്കുന്നു. 3 വർഷത്തിനുള്ളിൽ ടി അധ്യാപകർ മതിയായ ഡിപ്പാർട്ട്മെന്റൽ യോഗ്യതകൾനേടിയിട്ടില്ലായെങ്കിൽ ഇവരുടെ തരംതാഴ്ത്തൽ നടപടിയുടെ ആദ്യനടപടിക്രമങ്ങൾ സ്വീകരിച്ചശേഷം തരംതാഴ്ത്തൽ നടപടിക്കായുള്ള ശുപാർശ സഹിതം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ സമയബന്ധിതമായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ അറിയിക്കേതാണ്. (ഡിപ്പാർട്ട്മെന്റ് പരീക്ഷാ യോഗ്യത സംബന്ധിച്ച വിവരം സ്ഥാനക്കയറ്റം നേടിയവരുടെ സേവന പുസ്തകം പരിശോധിച്ച് ആഫീസ് അധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.) പുതിയ ലാവണത്തിൽ പ്രവേശിച്ച് ശേഷം ആയത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ആഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

**സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. (www.education.kerala.gov.in DGE Announcements) ടി ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അതാത് സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും നിർദ്ദേശിക്കുന്നു. സ്ഥാപന മേധാവികൾക്ക് ഈ ഓഫീസിൽ നിന്നും പ്രത്യേകമായി**

ഉത്തരവ് അയയ്ക്കുന്നതല്ല. ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

സർക്കാർ ഹൈസ്കൂൾ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകളിലേക്ക് നടത്തിയിരിക്കുന്ന സ്ഥാനക്കയറ്റം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ഭാവിയിൽ ബോദ്ധ്യപ്പെട്ടാൽ ആയത് പുന:പരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും.

(ഒപ്പ്)
ജീവൻ ബാബു. കെ, ഐ.എ.എസ്,
പൊതുവിദ്യാഭ്യാസ ഡയറക്ടർ, കേരളം,
തിരുവനന്തപുരം

//അംഗീകരത്തോടെ //

സൂപ്രണ്ട്

സ്വീകർത്താക്കൾ:-

1. ബന്ധപ്പെട്ട പ്രധാനാധ്യാപകർക്ക് (ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖേന)
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക്
3. ബന്ധപ്പെട്ട അധ്യാപകർക്ക് (ബന്ധപ്പെട്ട പ്രധാനാധ്യാപകർ മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡി4 വിഭാഗം, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.
6. സി.ഇ.ഒ കൈറ്റ് ( ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി